**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5554** **05-07-2024 - ൽ മറുപടിയ്ക്ക്**

**ചെറുകിട ക്ഷീരഫാമുകളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട ക്ഷീര ഫാമുകളെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; പ്രസ്തുത പദ്ധതികളുടെ ആനുകൂല്യം ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ? | (എ) | കേരളത്തിന്റെ പാലുല്പാദനത്തിൽ വലിയൊരു പങ്ക് പ്രദാനം ചെയ്യുന്നത് ചെറുകിട ക്ഷീര ഫാമുകളാണ്. അതിനാൽ തന്നെ അവയുടെ സംരക്ഷണത്തിനും സഹായത്തിനുമായി ധാരാളം പദ്ധതികൾ വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഒന്നു, രണ്ട്, അഞ്ച് പശു യൂണിറ്റുകൾ, പുൽകൃഷി ധനസഹായ പദ്ധതികൾ, പലിശരഹിത വായ്പാ പദ്ധതി, കാലിതൊഴുത്ത് നിർമ്മാണത്തിനു ധനസഹായം, കറവ യന്ത്രങ്ങൾക്ക് ധനസഹായം, ഡയറിഫാം ആധുനീകരിക്കുന്നതിനു അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി തുടങ്ങിയവ നടപ്പിലാക്കി വരുന്നു. ടി ധനസഹായങ്ങൾ ലഭിക്കുന്നതിനു ക്ഷീരശ്രീ വെബ് പോർട്ടൽ വഴി ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ